കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി-6/1138/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.

ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 0499-4256690

തിയ്യതി : 01-11-2017.

സീനിയർ ഡപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ്,

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്.

(സെക്രട്ടറി മുഖേന)

സർ,

വിഷയം : കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3 മുതൽ 10വരെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ വഴി)

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ),കാസറഗോഡ്.

3) കാര്യാലയ പകർപ്പ്.

നം കെ.എസ്.എ- കെ.എസ്.ഡി-6/1138/2017 തിയ്യതി: 01-11-2017.

# കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം

ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ.സലിം, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-10-2017മുതൽ 25-10-2017വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.കിരൺദാസ്.പി | ഓഡിറ്റ് ഓഫീസർ. |
| 2 | ശ്രീ.രഘുനാഥൻ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.ഷാജു തോമസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ.കെ.സി.കുഞ്ഞികൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സി.എച്ച്. മുഹമ്മദ് കുഞ്ഞി ചായിന്റടി | 01-4-2016 മുതൽ 31-03-2017വരെ |
| സെക്രട്ടറി | ശ്രീ.ബാലകൃഷ്ണൻ.ബി | 01-04-2016 മുതൽ 22-09-2016വരെ |
| | ശ്രീ.കെ.കെ.ശ്രീകുമാർ ( ഇൻ ചാർജ്ജ്) | 23-09.2016 മുതൽ 09-11-2016 വരെ |
| | ശ്രീ.ആനന്ദൻ .എൻ.ആർ ( ഇൻ ചാർജ്ജ്) | 10-11-.2016 മുതൽ 09-01-2017 വരെ |
| | ശ്രീ.കെ.കെ.ശ്രീകുമാർ | 10-01-2017 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.രാജീവൻ ഉറുമിവളപ്പ് | 01-04-2016മുതൽ 31-03-2017വരെ |
| എസ്.ടി.ഡെവലപ്മെന്റ് ഓഫീസർ | ശ്രീമതി.പ്രസന്ന.കെ.എം | 01-04-2016മുതൽ 31-03-2016വരെ |
| എസ്.സി.ഡെവലപ്മെന്റ് ഓഫീസർ | ശ്രീ.പി.ബി.ബഷീർ | 01-04-2016മുതൽ 31-03-2017വരെ |
| അസിസ്റ്റന്റ് ഡയറക്ടർ കൃഷി | ശ്രീ.കൃഷ്ണ സ്വാമി.എം.വി | 01-04-2016മുതൽ 31-03-2017വരെ |
| സി.ഡി.പി.ഒ. | ശ്രീമതി.ടിൻസി രാമകൃഷ്ണൻ | 01-04-2016മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ ഗവ.ഹോമിയോ ആശുപത്രി കളനാട് | ഡോ.ദിവ്യ ജോസ് | 01-04-2016മുതൽ 01-10-2016 വരെ |
| | ഡോ.തസ്നി ഇബ്രാഹിം.ആർ.വി | 02-10-2016മുതൽ 31-03-2017 വരെ |
| ഗവ.വൃദ്ധമന്ദിരം,സൂപ്രണ്ട് | ശ്രീ.രാജു.കെ.ജെ | 01-04-2016മുതൽ 30-11-2016 വരെ |
| | ശ്രീമതി. ശാന്തകുമാരി.സി.എ | 01-12-2016 മുതൽ 31-03-2017 വരെ |
| ഗവ.മഹിളാമന്ദിരം, സൂപ്രണ്ട് | ശ്രീമതി.ശാന്തകുമാരി. സി.എ | 01-04-2016മുതൽ 22-07-2016 വരെ |
| | ശ്രീമതി.ശാന്തി.കെ.പി | 23-07-2016മുതൽ 31-10-2016 വരെ |
| | ശ്രീമതി.ബിന്ദു.കെ.കെ | 01-11-2016മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി.കുമ്പള | ഡോ. ഈശ്വര നായിക്ക്.കെ | 01-04-2016മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി.ബദിയടുക്ക | ഡോ. സത്യശങ്കര ഭട്ട് | 01-04-2016മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| സി.ഡി.പി.ഒ അഡീഷണൽ, കാസർഗോഡ് | ശ്രീമതി.ജ്യോതി.പി | 01-04-2016മുതൽ 15-01-2017വരെ |
| | ശ്രീമതി.ഉഷാകുമാരി.ആർ | 16-01-2017മുതൽ 31-03-2017 വരെ |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | ഭാഗം 2-ഇല്ല | |
| | ഭാഗം 3 | |
| 10 | വിദ്യാർത്ഥികൾക്ക് പഠനസഹായം പദ്ധതി-അപാകത | 3-1 |
| 11 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി-അപാകത | 3-2 |
| 12 | പ്രീ-മെട്രിക്ക് ഹോസ്റ്റലിലേക്ക് അത്യാവശ്യസാധനങ്ങൾ വാങ്ങൽ പദ്ധതി-അപാകത | 3-3 |
| 13 | ഗവൺമെന്റ് വൃദ്ധമന്ദിരം ജനറേറ്റർ വാങ്ങൽ പദ്ധതി- അപാകത | 3-4 |
| 14 | ഗവൺമെന്റ് മഹിളാമന്ദിരം ജനറേറ്റർ വാങ്ങൽ പദ്ധതി- അപാകത | 3-5 |

| | | |
|---|---|---|
| 15 | കമ്പ്യൂട്ടർ അനുബന്ധഉപകരണങ്ങൾ വാങ്ങൽ പദ്ധതി- അപാകത | 3-6 |
| 16 | എസ്.ടി.കർഷക സംഘങ്ങൾക്ക് പവർ ടില്ലർ - കരാർ ഉടമ്പടി വച്ചിട്ടില്ല | 3-7 |
| 17 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് വിഹിതം നൽകൽ പദ്ധതി- അപാകത | 3-8 |
| 18 | പദ്ധതിക്കുവേണ്ടി തുക ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രശീതിയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-9 |
| 19 | വിവിധ ഭവനനിർമ്മാണ പദ്ധതികൾ - 294 വീടുകൾ പൂർത്തീകരിച്ചിട്ടില്ല | 3-10 |
| 20 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-11 |
| 21 | പത്രപ്പരസ്യത്തിന് അധികനിരക്ക് നൽകിയത് | 3-12 |
| | ഭാഗം 4 | |
| 22 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


.

<u>അനുബന്ധം</u>

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്.
2) ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട്.
3) റസീറ്റ് & പേമെന്റ് അക്കൗണ്ട്.
4) ബാലൻസ് ഷീറ്റ്

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04-03-2016 ലെ ഭരണസമിതി തീരുമാനം നമ്പർ 01 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 44,88,70,500 |
| ആകെ | 44,88,70,500 |
| ചെലവ് | 44,85,16,500 |
| നീക്കിയിരിപ്പ് | 3,54,000 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 12.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 20-10-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം ആയിഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക കണക്ക് പരിശോധനയിലെ അപാകതകൾ

1)ആസ്തിവിവരങ്ങൾ സാംഖ്യയുമായി ബന്ധപ്പെടുത്തുന്നത് പൂർത്തീകരിച്ചിട്ടില്ല.

2)ബാലൻസ് ഷീറ്റിൽ B-11 ഷെഡ്യൂൾ - ഫിക്സഡ് അസ്സെറ്റിന്റെ കൃത്യത പരിശോധിക്കാനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2016-17 |
| മുന്നിരിപ്പ് | 6,11,84,368 |
| വരവ് | 10,35,52,668 |
| ആകെ | 16,47,37,036 |
| ചെലവ് | 10,80,08,725 |
| നീക്കിയിരിപ്പ് | 5,67,28,311 |

( കുറിപ്പ്: വാർഷിക ധനകാര്യപത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്ത മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വേതനമിനത്തിലുള്ള 6,10,496 രൂപ മേൽ കണക്കിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്).

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടത് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്(പൊതു വിഭാഗം) | 0 | 3,56,43,944 | 3,56,43,944 | 3,13,07,227 | 0 | 87.83% |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 77,02,281 | 77,02,281 | 77,02,281 | 0 | 100% |
| വികസന ഫണ്ട്(ടി.എസ്.പി) | 0 | 43,63,458 | 43,63,458 | 21,01,286 | 0 | 48% |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്(നോൺ-റോഡ്) | 0 | 561,0,546 | 561,0,546 | 561,0,546 | 0 | 100% |
| എം.എൻ.ആർ.ജി | 0 | 6,10,496 | 6,10,496 | 6,10,496 | 0 | 100% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 108 | 9,60,85,015 | 81 | 5,72,10,768 | 59.54% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 24 | 4,48,53,100 | 20 | 2,95,89,806 | 65.97% |
| 2 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 2 | 3,00,000 | 2 | 3,00,000 | 100% |
| 3 | അസിസ്റ്റന്റ് എക്സി .എഞ്ചിനിയർ | 61 | 3,85,94,632 | 41 | 1,85,07,618 | 47.95% |
| 4 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1,00,000 | 1 | 1,00,000 | 100% |
| 5 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 11,47,458 | 2 | 1,75,000 | 15.25% |
| 6 | സി,ഡി,പി.ഒ | 6 | 21,56,050 | 6 | 21,56,050 | 100% |
| 7 | അസി.ഡയരക്ടർ -കൃഷി | 4 | 59,10,000 | 3 | 34,90,286 | 59.05% |
| 8 | പട്ടികജാതി വികസന ഓഫീസർ | 3 | 17,98,000 | 3 | 17,98,000 | 100% |
| 9 | സൂപ്രണ്ട് .സാമൂഹ്യക്ഷേമം | 4 | 12,25,775 | 3 | 10,94,008 | 89.25% |
| | ആകെ | 108 | 9,60,85,015 | 81 | 5,72,10,768 | 59.54% |

2016-17 വർഷം ആകെ 108 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും 81 പ്രൊജക്ടുകളാണ് നടപ്പാക്കുവാൻ സാധിച്ചത്. ഇതുപ്രകാരം ആകെ പദ്ധതി അടങ്കലിന്റെ59.54% മാത്രമാണ് തൻവർഷം വിനിയോഗിക്കുവാൻ സാധിച്ചത് പൊതുമരാമത്ത് മേഖലയിൽ ആകെ അംഗീകാരം ലഭിച്ച 61 പ്രൊജക്ടുകളിൽ 41 എണ്ണം നടപ്പാക്കുന്നതിനായി 1,85,07,618 രൂപ വിനിയോഗിക്കുകയുണ്ടായി. (ഈ മേഖലയിലെ ആകെ പദ്ധതി അടങ്കലിന്റെ 47.95%മാത്രമാണ് ചെലവ്.

## 1-7 തനത് വരുമാനം.

തൻവർഷം ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് താഴെ വിവരിക്കുന്ന പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | ഇല്ല | 0 | 0 | 0 |
| നികുതിയേതര വരവുകൾ | ഇല്ല | 14,98,107 | (+)14,98,107 | 0 |
| മറ്റുള്ളവ | 0 | 0 | 0 | |
| ആകെ | | 14,98,107 | 14,98,107 | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

ഓഡിറ്റ് തീയതികളിൽ ക്യാഷ് ബാലൻസ് ഇല്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ജൂൺ - 2017 (തീയ്യതി ലഭ്യമാക്കിയില്ല) | 2016-17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-02-2017 മുതൽ 16-02-2017 വരെ | 01-02-2016മുതൽ 31-01-2017 വരെ | 07-04-2017 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിദ്യാർത്ഥികൾക്ക് പഠനസഹായം പദ്ധതി-അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പ്രൊജക്ട് നം.108/17- പട്ടികജാതിയിൽപ്പെട്ട വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനധനസഹായം പദ്ധതി

ബിൽ നം. 18/16-17/29.3.2017 - 4,25,000/-രൂപ.

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനധനസഹായമായി 25000/- രൂപ വീതം നൽകുന്ന പദ്ധതിയാണിത്. 2016-17 വർഷത്തിൽ ആകെ 17 കുട്ടികൾക്ക് 25000/-രൂപ വീതം ആകെ 4,25,000/- രൂപ മേൽ ബില്ല് പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ ആയാണ് തുക നൽകിയത്. ഈ പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിന് തയ്യാറാക്കിയ സ്റ്റേറ്റ്മെന്റിലെ ക്രമ നമ്പർ (17) ശ്രീ.സുധീഷ്.ടി, s/oബാബു.ടി.കെ, പുത്തരിയടുക്കം, ചട്ടഞ്ചാൽ എന്ന വിദ്യാർത്ഥിയുടെ അപേക്ഷയും അനുബന്ധരേഖകളും പരിശോധന നടത്തിയപ്പോൾ ഈ അപേക്ഷകൻ സമർപ്പിച്ച 25.1.2017 ലെ സർട്ടിഫിക്കറ്റ് പ്രകാരം BPCL Empolyees Co-operative society Ltd.no.E-226, Kochi Refinary, Ambalamugal ന്റെ കീഴിലുള്ള ഇൻഡസ്ട്രിയൽ കാന്റീനിൽ കാന്റീൻ ബോയ് ട്രെയിനിയായി ജോലി ചെയ്യുന്നു എന്നാണ് മനസ്സിലാക്കുന്നത്. കൂടാതെ ഉദുമ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഫുഡ് പ്രൊഡക്ഷൻ കോഴ്സ് പൂർത്തീകരിച്ച് ഡിസ്റ്റിംഗ്ഷനോടെ പാസ്സായതിന്റെ 4.11.2015 ൽ ഇഷ്യൂ ചെയ്ത കോഴ്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പും ഉള്ളടക്കം ചെയ്തിട്ടുണ്ട്. അതായത് ഈ ഗുണഭോക്താവ് 2015-16 വർഷത്തിൽ തന്നെ പ്രൊഫഷണൽ കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്. അതിനാൽ തന്നെ 2016-17 വർഷത്തെ പദ്ധതി പ്രകാരം ഈ ഗുണഭോക്താവ് പഠന സഹായത്തിന് അർഹനല്ല. അർഹതയില്ലാത്ത ഗുണഭോക്താവിന് പഠനസഹായമായി 25000/- രൂപ അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.02/23.10.2017 ന് മറുപടി നൽകിയിട്ടില്ല. അതിനാൽ അർഹതയില്ലാത്ത ഗുണഭോക്താവിന് പഠനസഹായമായി അനുവദിച്ച 25000/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി-അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പ്രൊജക്ട് നം.107/17

ബിൽ നം. 19/16-17/29.3.2017 - 5,00,000/-

ബിൽ നം. 20/16-17/29.3.2017 - 5,00,000/-

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപെടുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഒരു ഗുണഭോക്താവിന് ആകെ 1ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. എസ്റ്റിമേറ്റ്, മൂല്യനിർണ്ണയം, സ്ഥലം സംബന്ധമായ രേഖകൾ, പഠിക്കുന്ന സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റ് എന്നിവ അടിസ്ഥാനമാക്കിയാണ് തുക നൽകുന്നത്.

ആകെ 10 അപേക്ഷകർക്ക് 1ലക്ഷം രൂപ വീതം 10,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ രേഖകൾ പരിശോധന നടത്തിയപ്പോൾ 10 അപേക്ഷകരിൽ ചിലർ അപേക്ഷയോടൊപ്പം സ്കൂൾ സർട്ടിഫിക്കറ്റ്, എസ്റ്റിമേറ്റ് എന്നീ അനുബന്ധരേഖകളും, പണി പൂർത്തീകരിച്ചാൽ അവസാനഗഡു കൈപ്പറ്റുന്നതിന് മുമ്പായി സമർപ്പിക്കേണ്ട വാല്വേഷൻ സർട്ടിഫിക്കറ്റും സമർപ്പിച്ചിട്ടില്ല, 4 പേരുടെ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച അംഗീകൃതഗുണഭോക്തൃ പട്ടിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | വിദ്യാർത്ഥിയുടെ പേര് | അനുവദിച്ച തുക | സമർപ്പിക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | ബേബി.സി.എച്ച്, w/o സുരേഷ്(L), മാന്യ ബദിയടുക്ക ഗ്രാമപഞ്ചായത്ത് | സമീക്ഷാസുരേഷ്.എം<br>സാക്ഷ്യസുരേഷ്.എം | 1,00,000/- | വാല്വേഷൻ സർട്ടിഫിക്കറ്റ് |
| 2 | രമ.പി w/o മണി(L)<br>നീർച്ചാൽ | രഞ്ജിനി.പി<br>രഞ്ജീഷ്.പി | 1,00,000/- | എസ്റ്റിമേറ്റ്, വാല്വേഷൻ സർട്ടിഫിക്കറ്റ് |

| | | | | |
|---|---|---|---|---|
| | ബദിയടുക്ക ഗ്രാമപഞ്ചായത്ത് | രഞ്ജിത.പി | | |
| 3 | അശോക, യനിയാർപു ഹൗസ്, ബേള ബദിയടുക്ക ഗ്രാമപഞ്ചായത്ത് | അശ്വിനി,അർപിത അശ്വത്രാജ്, അശ്വതി | 1,00,000/- | എസ്റ്റിമേറ്റ്, വാലേ്വഷൻ സർട്ടിഫിക്കറ്റ്, വിദ്യാർത്ഥികളുടെ സ്കൂൾ സർട്ടിഫിക്കറ്റ് |
| 4 | വിട്ടള.കെ, കങ്കില ഹൗസ്, ഉക്കിനട്ക്ക ബദിയടുക്ക ഗ്രാമപഞ്ചായത്ത് | പവിത്ര.വി.കെ പല്ലവി.വി.കെ മമത.വികെ മഞ്ജുള.വി.കെ | 1,00,000/- | വാലേ്വഷൻ സർട്ടി ഫിക്കറ്റ്, ഗ്രാമ പഞ്ചായത്ത് അംഗീക രിച്ച അംഗീകൃത ഗുണഭോക്തൃ പട്ടിക |
| 5 | ദേവകി, w/o ബാബു, പിലിംഗിരി,ബംബ്രാണ കുമ്പള ഗ്രാമപഞ്ചായത്ത് | സവിതകുമാരി | 1,00,000/- | എസ്റ്റിമേറ്റ്, വാലേ്വഷൻ സർട്ടിഫിക്കറ്റ് |
| 6 | ഗിരിജ, w/o കുമാര ജോഡുക്കട്ടെ, കിഡൂർ കുമ്പള ഗ്രാമപഞ്ചായത്ത് | ജയമാല.ജെ | 1,00,000/- | എസ്റ്റിമേറ്റ്, വാലേ്വഷൻ സർട്ടിഫിക്കറ്റ്, വിദ്യാർത്ഥിയുടെ സ്കൂൾ സർട്ടിഫിക്കറ്റ് |
| 7 | സുന്ദര, s/o ചൗക്കറു ബദ്രംപാടി, കുമ്പള കുമ്പള ഗ്രാമപഞ്ചായത്ത് | നിഖിത.കെ.എസ് നിവേദിത.കെ.എസ് നിഖിൽ.കെ.എസ് | 1,00,000/- | എസ്റ്റിമേറ്റ്, വാലേ്വഷൻ സർട്ടിഫിക്കറ്റ് |
| 8 | വിജയൻ s/o അയിത്ത അർളട്ടക്ക ചെങ്കള ഗ്രാമപഞ്ചായത്ത് | സജിത.എ | 1,00,000/- | എസ്റ്റിമേറ്റ്, വാലേ്വഷൻ സർട്ടിഫിക്കറ്റ്, വിദ്യാർത്ഥിയുടെ സ്കൂൾ സർട്ടിഫിക്കറ്റ്, ഗ്രാമപഞ്ചായത്ത് അംഗീകരിച്ച അംഗീകൃതഗുണഭോക്തൃ പട്ടിക |
| 9 | ശശികല, w/o പ്രദീപ്(L), ചന്ദ്രംപാറ ചെങ്കള ഗ്രാമപഞ്ചായത്ത് | ഹർഷ.സി.എച്ച് ഐശ്വര്യ.സി.എച്ച് | 1,00,000/- | എസ്റ്റിമേറ്റ്, വാലേ്വഷൻ സർട്ടിഫിക്കറ്റ്, ഗ്രാമപഞ്ചായത്ത് അംഗീകരിച്ച അംഗീകൃതഗുണഭോക്തൃ പട്ടിക |

| | | | | |
|---|---|---|---|---|
| 10 | സഞ്ജീവൻ.ടി.കെ<br>മുട്ടത്തോടി<br>വിദ്യാനഗർ<br>ചെങ്കള<br>ഗ്രാമപഞ്ചായത്ത് | നവ്യ.ടി.എസ്<br>രമ്യ.ടി.എസ് | 1,00,000/- | എസ്റ്റിമേറ്റ്, വാല്വേഷൻ സർട്ടിഫിക്കറ്റ്, ഗ്രാമപഞ്ചായത്ത് അംഗീകരിച്ച അംഗീകൃതഗുണഭോക്തൃ പട്ടിക |
| | | ആകെ | 10,00,000/- | |

അപേക്ഷയും അനുബന്ധരേഖകളും കൃത്യമായ പരിശോധിക്കാതെയാണ് തുക നൽകിയിട്ടുള്ളത്. ആകെ 10 അപേക്ഷകരിൽ 8 അപേക്ഷകർ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല, 3 അപേക്ഷകർ സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല, ഇവ ഹാജരാക്കാതെയാണ് ഒന്നാം ഗഡു നൽകിയത്. 10 അപേക്ഷകരുടെയും പഠനമുറി പൂർത്തിയായത് സംബന്ധിച്ച മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കാതെയാണ് അവസാനഗഡു നൽകിയത്. പൂർണ്ണമായും രേഖകൾ ഹാജരാക്കാതെ തുക ചെലവഴിച്ചതിന് ഓഡിറ്റ് എൻക്വയറി നം.04/23.10.2017 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 10,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പ്രീ-മെട്രിക്ക് ഹോസ്റ്റലിലേക്ക് അത്യാവശ്യസാധനങ്ങൾ വാങ്ങൽ പദ്ധതി- അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പ്രൊജക്റ്റ് നം.104/17

ബിൽ നം. 15/16-17/30.1.2017 - 3,73,000/-

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപെടുന്ന ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക്ക് ഹോസ്റ്റലിലേക്ക് അത്യാവശ്യസാധനങ്ങൾ വാങ്ങുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് നേരിട്ടും, മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ മുഖാന്തിരവുമാണ് വിവിധ സാധനങ്ങൾ വാങ്ങിയത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ബിൽ നമ്പർ | വാങ്ങിയ സാധനങ്ങൾ | തുക |
|---|---|---|---|---|
| 1 | സിഡ്കോ, കാസറഗോഡ്<br>(നേരിട്ട് വാങ്ങിയത്) | SMC/KSD /F8B/16-17/058<br>dt.30.11.16 | മേശ – 20nos. | 68,150/- |
| 2 | പയ്യന്നൂർ ഖാദി സെന്റർ (നേരിട്ട് വാങ്ങിയത്) | 33553-<br>dt.13.12.16 | ബെഡ്- 50nos. ബെഡ്ഷീറ്റ്-100 nos.<br>തലയണ-50nos. | 1,92,000/- |
| 3 | സ്റ്റാർ സിസ്റ്റംസ് കാസറഗോഡ്<br>(ക്വട്ടേഷൻ മുഖാന്തിരം) | 091-<br>dt.17.10.16 | TV-1 Stabiliser-1 | 22,900/- |

| | | | | |
|---|---|---|---|---|
| 4 | M/sശോഭാസ്, കാസറഗോഡ് (ക്വട്ടേഷൻ മുഖാന്തിരം) | 3549- dt.14.12.16 | വിവിധപാത്രങ്ങൾ | 10,723/- |
| 5 | M/sശോഭാസ്, കാസറഗോഡ് (ക്വട്ടേഷൻ മുഖാന്തിരം) | 3550- dt.14.12.16 | വിവിധപാത്രങ്ങൾ | 3,826/- |
| 6 | M/sശോഭാസ്, കാസറഗോഡ് (ക്വട്ടേഷൻ മുഖാന്തിരം) | 3551- dt.14.12.16 | വിവിധപാത്രങ്ങൾ | 4,401/- |
| 7 | M/sശോഭാസ്, കാസറഗോഡ് (ക്വട്ടേഷൻ മുഖാന്തിരം) | 3549/ dt.14.12.16 | വിവിധപാത്രങ്ങൾ - total 40 nos. | 21,000/- |
| 5 | കെൽട്രോൺ, തിരുവനന്തപുരം (നേരിട്ട്) | ITBG1617/6352 /ITP/1887 /dt.13.12.16 | കമ്പ്യൂട്ടർ-1 UPS – 1 പ്രിന്റർ - 1 | 50,000/- |
| | | | ആകെ | 3,73,000/- |

മേൽ വിവരിച്ച പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്ന് പർച്ചേസ് നടത്തുമ്പോൾ ക്വട്ടേഷൻ, ലഭിച്ച ക്വട്ടേഷനുകൾ, അംഗീകാരം, മറ്റ് പർച്ചേസ് നടപടികൾ, ഗവ:അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് വാങ്ങൽ എന്നിവക്ക് ബ്ലോക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയതിന്റ രേഖകൾ, ഭരണസമിതിയുടെ അംഗീകാരം വാങ്ങിയതിന്റ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.03/23.10.2017 പ്രകാരം ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 3,73,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കൂടാതെ ബദിയടുക്ക പ്രീ-മെട്രിക്ക് ഹോസ്റ്റലിൽ 25.10.2016ന് ഓഡിറ്റ് ടീം ഭൗതികപരിശോധന നടത്തിയപ്പോൾ കെൽട്രോൺ സ്ഥാപിച്ച കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും പ്രവർത്തനരഹിതമാണ്. 16.1.2017ലാണ് കെൽട്രോൺ ഇവ സ്ഥാപിച്ചതായി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത്, 2017 മാർച്ച് മാസം മുതൽ ഇവ പ്രവർത്തനരഹിതമായി എന്നാണ് ജീവനക്കാർ രേഖാമൂലം എഴുതി നൽകിയിരിക്കുന്നത്. അതായത് കേവലം 2 മാസം മാത്രമെ കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും പ്രവർത്തിച്ചിട്ടുള്ളൂ. ഇവ പ്രവർത്തനക്ഷമമാക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇവയെല്ലാം 1വർഷം വാറണ്ടിയുള്ള ഉപകരണങ്ങളാണ്. അതിനാൽ ഇവ പ്രവർത്തനക്ഷമമാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. സിഡ്കോ, കാസറഗോഡ് വിതരണം ചെയ്ത 15 മേശകൾ വളരെ നിലവാരം കുറഞ്ഞതാണ്. 75cm നീളവും 45cm വീതിയും ഉള്ള വളരെ ചെറിയ മേശയാണ് അവർ വിതരണം ചെയ്തിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് യോജിക്കാത്ത തരത്തിലുള്ള മേശയാണിത്. സിഡ്കോ ഇൻവോയ്സ് അംഗീകരിക്കുന്നതിന് മുമ്പ് സാമ്പിൾ പരിശോധിക്കണമായിരുന്നു. ഒരെണ്ണത്തിന് 4543/-രൂപയാണ് മേശയുടെ വില, ഈ വിലയ്ക്ക് കൂടുതൽ വലുപ്പമുള്ള നല്ല ബ്രാന്റഡ് ഇനം മേശകൾ സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ വഴി വാങ്ങിക്കാമായിരുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-4 ഗവൺമെന്റ് വൃദ്ധമന്ദിരത്തിലേക്ക് ജനറേറ്റർ വാങ്ങൽ പദ്ധതി- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, ഗവ:വൃദ്ധമന്ദിരം, കാസറഗോഡ്, പരവനടുക്കം.

പ്രൊജക്ട് നം.61/17 – ഗവ:വൃദ്ധമന്ദിരം ജെറിയാറ്റിക്ക് ക്ലിനിക്കിന് ജനറേറ്റർ വാങ്ങൽ പദ്ധതി.

ബിൽ നമ്പർ - 03/16-17/30.3.2017 – 4,98,200/- രൂപ.

പരവനടുക്കത്ത് സ്ഥിതി ചെയ്യുന്ന ഗവ:വൃദ്ധമന്ദിരം ജെറിയാറ്റിക്ക് ക്ലിനിക്കിന് ജനറേറ്റർ വാങ്ങാനുള്ളതാണ് ഈ പദ്ധതി.കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് പർച്ചേസ് കമ്മിറ്റിയുടെ 22.2.17 ലെ തീരുമാനം നമ്പർ(1) പ്രകാരം ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്, കാസറഗോഡിൽ നിന്നും ഇൻവോയ്സ് നം.MKTG/DG Set/E-46/45/17/dt.11.1.2017 പ്രകാരം 15 kv ഡീസൽ ജനറേറ്റർ വാങ്ങുകയും തുക 4,98,200/- രൂപ ഓൺലൈൻ ആയി കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ പർച്ചേസുമായി ബന്ധപ്പെട്ട് ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡുമായി ഒപ്പിട്ട കരാർ, ജനറേറ്റർ സ്ഥാപിച്ചതിന്റെ രേഖകൾ, പ്രവർത്തനക്ഷമമാക്കിയതിന്റെ സാക്ഷ്യപത്രം എന്നീ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.07/24.10.2017പ്രകാരം വിശദവിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 4,98,200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഗവൺമെന്റ് മഹിളാമന്ദിരത്തിലേക്ക് ജനറേറ്റർ വാങ്ങൽ പദ്ധതി- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, ഗവ:മഹിളാമന്ദിരം, കാസറഗോഡ്, പരവനടുക്കം.

പ്രൊജക്ട് നം.136/17 – ഗവ:മഹിളാമന്ദിരത്തിന് ജനറേറ്റർ വാങ്ങൽ പദ്ധതി.

ബിൽ നമ്പർ - 03/16-17/30.3.2017 – 4,98,000/-രൂപ

പരവനടുക്കത്ത് സ്ഥിതി ചെയ്യുന്ന കാസറഗോഡ് ജില്ലാ ഗവ:മഹിളാമന്ദിരത്തിന് ജനറേറ്റർ വാങ്ങാനുള്ളതാണ് ഈ പദ്ധതി.കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് പർച്ചേസ് കമ്മിറ്റിയുടെ 9.3.17 ലെ തീരുമാനം നമ്പർ(1) പ്രകാരം ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്, കാസറഗോഡിൽ നിന്നും ഇൻവോയ്സ് നം.MKTG/DG Set/E-62/281/17/dt.3.3.2017 പ്രകാരം 15 kv ഡീസൽ ജനറേറ്റർ വാങ്ങുകയും 4,98,000/-രൂപ ഓൺലൈൻ ആയി കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ പർച്ചേസുമായി ബന്ധപ്പെട്ട് ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ജനറേറ്റർ സ്ഥാപിച്ചതിന്റെ രേഖകൾ, ജനറേറ്റർ പ്രവർത്തനക്ഷമമാക്കിയതിന്റെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.08/24.10.2017പ്രകാരം വിശദവിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 4,98,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-6 കമ്പ്യൂട്ടർ അനുബന്ധഉപകരണങ്ങൾ വാങ്ങൽ പദ്ധതി- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, ഗവ:മഹിളാമന്ദിരം,

കാസറഗോഡ്, പരവനടുക്കം.

പ്രൊജക്ട് നം.112/17 – ഗവ:മഹിളാമന്ദിരത്തിന് കമ്പ്യൂട്ടർ അനുബന്ധഉപകരണങ്ങൾ വാങ്ങൽ പദ്ധതി പദ്ധതി.

ബിൽ നമ്പർ - 02/16-17/23.3.2017 – 97,808/-

പരവനടുക്കത്ത് സ്ഥിതി ചെയ്യുന്ന കാസറഗോഡ് ജില്ലാ ഗവ:മഹിളാമന്ദിരത്തിന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങാനുള്ളതാണ് ഈ പദ്ധതി.കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് പർച്ചേസ് കമ്മിറ്റിയുടെ 28.2.17 ലെ തീരുമാനം നമ്പർ(1) പ്രകാരം കാസറഗോഡ് Eniac systems-ന്റെ ക്വട്ടേഷൻ അംഗീകരിച്ചാണ് പർച്ചേസ് നടത്തിയിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | Eniac systems ksd. ഇൻവോയ്സ് നം./തിയ്യതി | വാങ്ങിയ ഉപകരണങ്ങൾ | തുക |
|---|---|---|---|
| 1 | 1086/16.3.17 | ഡെൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ-1<br>കാനൺ LBP പ്രിന്റർ-1 | 41,808/- |
| 2 | 1087/16.3.17 | വി-ഗാർഡ് UPS-DX600-1 | 2,500/- |
| 3 | 1088/16.3.17 | കമ്പ്യൂട്ടർ ടേബിൾ-1<br>ചെയർ -1 | 4,500/- |
| 4 | 1089/16.3.17 | കാനൺ ഫോട്ടോസ്റ്റാറ്റ് മെഷീൻ -1 | 49,000/- |
| | | ആകെ | 97,808/- |

പർച്ചേസുമായി ബന്ധപ്പെട്ട് ഒപ്പിട്ട കരാർ, ഈ ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം, വാറണ്ടി സംബന്ധമായ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.08/24.10.2017പ്രകാരം വിശദവിവരങ്ങൾ ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 97,808/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 എസ്.ടി.കർഷക സംഘങ്ങൾക്ക് പവർ ടില്ലർ - കരാർ വച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S0089/17 |
| പ്രൊജക്റ്റിന്റെ പേര് | എസ്.ടി.കർഷക സംഘങ്ങൾക്ക് പവർ ടില്ലർ വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ കൃഷി |
| അടങ്കൽ | 8,00,000 (വികസനഫണ്ട് -ടി.എസ്.പി) |
| ചെലവ് തുക | 3,10,286/-രൂപ |
| ബിൽ നമ്പർ/ തീയതി | 3/16-17തീയതി 30-03-2017 |

2016-17വർഷത്തെ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ കർഷക സംഘങ്ങൾക്ക് പവർ ടില്ലർ വിതരണം നൽകൽ എന്ന പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനായി മേൽ ബിൽ പ്രകാരം പിൻവലിച്ച 3,10,286രൂപ ഉപയോഗിച്ച് 2 പവർ ടില്ലർ കേരള ആഗ്രോ മെഷിനറി കോർപ്പറേഷൻ അത്താണിയിൽ നിന്നും നിർവ്വഹണഉദ്യോഗസ്ഥനായ അസിസ്റ്റന്റ് ഡയറക്ടർ കൃഷി വാങ്ങുകയുണ്ടായി. (ഇൻവോയിസ് നമ്പർ-11260589 തീയതി 23-03-2017, ഇൻവോയിസ് നമ്പർ-12160316 തീയതി 23-03-2017,ഇൻവോയിസ് നമ്പർ-11260588 തീയതി 23-03-2017, ഇൻവോയിസ് നമ്പർ-12160317 തീയതി 23-03-2017, തുക കൈപ്പറ്റിയ രശീതി നമ്പർ S.801100(d)തീയതി 26.05.2017)

ജി.ഒ.(എം.എസ് ) 4/2016 ത സ്വ ഭ വ 11-01-2016 പ്രകാരമുള്ള സബ്സീഡി മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശ സ്വയംഭരണം സബ്സിഡി പ്രകാരം കർഷക സഹകരണസംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖരസമിതികൾ, രജിസ്റ്റർ ചെയ്ത വനിതാ കർഷക സംഘങ്ങൾ എന്നിവയ്ക്ക് നൽകുന്ന പവർ ടില്ലറിന്റെ ഉടമസ്ഥത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായിരിക്കേണ്ടതും സംഘങ്ങൾ ആയത് വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ലാത്തതുമാകുന്നു. എന്നാൽ മേൽ ബിൽ പ്രകാരം പിൻവലിച്ച 3,10,286/രൂപ ഉപയോഗിച്ച്

നിർവ്വഹണഉദ്യോഗസ്ഥനായ അസിസ്റ്റന്റ് ഡയറക്ടർ വാങ്ങിയ 2 പവർ ടില്ലർ പട്ടികവർഗ്ഗ കർഷക സംഘങ്ങളായ എസ്.ടി.സ്വയം സഹായ സമിതി അദ്രകുഴി പാടശേഖര സമിതി-(ചെങ്കള ഗ്രാമ പഞ്ചായത്ത്) അക്ഷയ പട്ടിക വർഗ്ഗ കർഷക സമിതി മേഗിനടുക്ക- (ബദിയടുക്ക ഗ്രാമ പഞ്ചായത്ത്) എന്നിവയ്ക്ക്, ഈ പാടശേഖര സമിതിയുടെ സെക്രട്ടറിമാർ സമർപ്പിച്ച മുദ്ര പത്രത്തിൽ ഒപ്പുവെച്ച സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ, നൽകുകയാണ് ചെയ്തിട്ടുള്ളത്. ഈ കർഷക സംഘങ്ങളുടെ സെക്രട്ടറിമാർ ഒപ്പുവെച്ച സമ്മതപത്രത്തിൽ ഒരിടത്തും പവർ ടില്ലറിന്റെ ഉടമസ്ഥത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. പവർ ടില്ലറിന്റെ ഉടമസ്ഥാവകാശം കർഷക സംഘങ്ങൾക്കല്ല മറിച്ച് ദ്ദേശ സ്വയംഭരണം സ്ഥാപനത്തിന് തന്നെയാണ് എന്ന് വ്യക്തമാക്കുന്ന യാതൊരുരേഖകളും നിലവിൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അത്തരം രേഖകൾ ഉണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉടമസ്ഥാവകാശം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ മാർഗരേഖപ്രകാരം സ്വകാര്യ വ്യക്തികൾ ഈടാക്കുന്ന വാടകയെക്കാൾ 25% കുറഞ്ഞ നിരക്കിലുള്ള വാടകമാത്രമേ കർഷകരിൽ നിന്നും പവർ ടില്ലറിന്റെ വാടകയിനത്തിൽ ഈടാക്കുകയുള്ളു എന്നും കരാറിൽ വ്യവസ്ഥ ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട അത്തരം ഒരു വ്യവസ്ഥ കർഷക സംഘങ്ങളുടെ സെക്രട്ടറിമാർ ഒപ്പിട്ട് നൽകിയ മേൽ സമ്മതപത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ടും ഓഡിറ്റിന്ഹാജരാക്കിയിട്ടില്ല. കരാർ ഉടമ്പടി വെക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. കരാർ ഉടമ്പടി ഇല്ലാത്തതിനാൽ ₹ 3,10,286/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം. 9/തീയതി 24-10-2017).

## 3-8 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് വിഹിതം നൽകൽ പദ്ധതി- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ- ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ.

ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് വിഹിതം നൽകൽ പദ്ധതി പ്രകാരം ( പ്രൊജക്ട് നമ്പർ -SO111/17) ട്രഷറി ബിൽ നമ്പർ 05/16-17 തീയ്യതി 30-03-17 പ്രകാരം വികസന ഫണ്ടിൽ നിന്നും 9,06,050/-രൂപ പിൻവലിച്ച് ബ്ലോക്ക് വിഹിതമായി താഴെപറയും പ്രകാരം 5 ഗ്രാമ പഞ്ചായത്തുകൾക്ക് തുക നൽകിയിട്ടിട്ടുണ്ട്.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് വിഹിതം | ടി.എസ്.ബി. അകൗണ്ട് നമ്പർ | ട്രഷറിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | കുമ്പള ഗ്രാമ പഞ്ചായത്ത് | 1,49,700 | 79901140001825 | സബ്ബ് ട്രഷറി കാസർഗോഡ് | 70 |
| 2 | മൊഗ്രാൽ ഗ്രാമ പഞ്ചായത്ത് | 2,00,100 | 79911400001938 | സബ്ബ് ട്രഷറി കാസർഗോഡ് | 82 |
| 3 | മധൂർ ഗ്രാമ പഞ്ചായത്ത് | 2,87,500 | 799011400001489 | സബ്ബ് ട്രഷറി കാസർഗോഡ് | 126 |
| 4 | ചെങ്കള ഗ്രാമ പഞ്ചായത്ത് | 2,50,000 | 799011400001771 | സബ്ബ് ട്രഷറി കാസർഗോഡ് | 130 |
| 5 | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് | 18,750 | 799011400002162 | സബ്ബ് ട്രഷറി കാസർഗോഡ് | 44 |

| | | |
|---|---|---|
| ആകെ | 9,06,050 | |

മേൽ പദ്ധതിക്കുവേണ്ടി തുക ചെവഴിച്ചതിന്റെ താഴെപറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1. പദ്ധതിക്കുവേണ്ടി തുക ചെവഴിച്ചതിന്റെ ധനവിനിയോഗസാക്ഷ്യപത്രം
2. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക ബാങ്ക് അകൗണ്ട് വഴി വിതരണം ചെയ്തതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്
3. ഗുണഭോക്താക്കളായ ഓരോ വിദ്യാർത്ഥികൾക്കും എത്ര രൂപവീതം നൽകിയിട്ടുള്ളത് എന്നതിന്റെ വിശദവിവരങ്ങൾ .

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ₹ 9,06,050/ -രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം.6/തീയതി 2410-2017).

## 3-9 പദ്ധതിക്കുവേണ്ടി തുക ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രശീതിയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിൽ താഴെപറയുന്ന പദ്ധതികൾക്കുവേണ്ടി ബ്ലോക്ക് വിഹിതം ചെലവഴിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) എൻ.പി.ആർ.പി.ഡി.ബ്ലോക്ക് വിഹിതം നൽകിയത്

ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിൽ എൻ.പി.ആർ.പി.ഡി. ബ്ലോക്ക് വിഹിതമായി ( പ്രൊജക്റ്റ് നമ്പർ -SOO93/17) ട്രഷറി ബിൽ നമ്പർ 02/16-17 തീയ്യതി 23-12-16 പ്രകാരം വികസന ഫണ്ടിൽ നിന്നും 1,50,000/-രൂപ പിൻവലിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറി കാസർഗോഡിന് 28-12-2016 ലെ ഡി. ഡി നമ്പർ 313961 പ്രകാരം തുക നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റ് രശീതിയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും, കൈപ്പറ്റ് രശീതിയും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ₹ 1,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) കേരള സാമൂഹ്യ സുരക്ഷാ മിഷൻ പ്രവർത്തനങ്ങൾക്ക് അധിക ധനസഹായം-നൽകിയത്.

2016-17 സാമ്പത്തിക വർഷത്തിൽ സാമൂഹ്യ സുരക്ഷാ മിഷൻ പദ്ധതിക്കുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കായി സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക അനുവദിച്ച് തരുവാൻ 24-01-2017-ലെ A3/2101/2016/KSSM പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ( പ്രൊജക്റ്റ് നമ്പർ -SO143/17) ട്രഷറി ബിൽ നമ്പർ 04/16-17 തീയ്യതി 28-03--2017 പ്രകാരം വികസന ഫണ്ടിൽ നിന്നും 5,00,000/-രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് ഡയറക്ടർ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള 701011400000134 നമ്പർ STSB അകൗണ്ടിലേക്ക് 28-03-2017 ന് തുക നൽകിയിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രവും, കൈപ്പറ്റ് രശീതിയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും, കൈപ്പറ്റ് രശീതിയും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ₹ 5,00,000/ -രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം. 5/തീയതി 24-10-2017).

## 3-10 വിവിധ ഭവനനിർമ്മാണ പദ്ധതികൾ - 294 വീടുകൾ പൂർത്തീകരിച്ചിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ വിവിധ ഭവന നിർമ്മാണപദ്ധതികൾക്കായി 1,92,28,000/- രൂപ വകയിരുത്തി 1,78,87,324/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2008-09 മുതൽ 2016-17 വരെയുള്ള കാലയളവിൽ ഭവന നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയവയിൽ 294 എണ്ണം ഇനിയും

പൂർത്തിയാക്കാനുണ്ട്. പൂർത്തിയാക്കാൻ ബാക്കിയുള്ളവയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| വർഷം | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തുകരിയ്ക്കാൻ ബാക്കിയുള്ള വീടുകളുടെ എണ്ണം |
|---|---|---|
| 2008-09 | 399 | 3 |
| 2009-10 | 347 | 2 |
| 2010-11 | 238 | 6 |
| 2011-12 | 256 | 16 |
| 2012-13 | 265 | 33 |
| 2013-14 | 311 | 34 |
| 2014-15 | 369 | 49 |
| 2015-16 | 379 | 108 |
| 2016-17 | 43 | 43 |
| ആകെ | 2607 | 294 |

ധനസഹായം കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തിയാക്കുമെന്നും, അനുവദിച്ചതുക പാഴാകില്ലായെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകേണ്ടതാണ്.

## 3-11 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2016-17 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ട്രഷറിയിൽ നിന്നും തുകകൾ പിൻവലിച്ച് വിവിധ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോ.നമ്പർ/പേര് | അനുവദിച്ച തുക. രൂപ | ബിൽ നമ്പർ/തിയതി | തുക കൈപ്പറ്റിയ ഗ്രാ.പ. |
|---|---|---|---|---|
| 1 | 42/2017 ODF പ്രോജക്റ്റ് ബ്ളോക്ക് വിഹിതം നൽകൽ | 322800 | 11/2016-17 31/10/2016 | മധൂർ |
| | " | 500340 | 16/2016-17 16/12/2016 | ചെമ്മനാട് |
| 2 | 4 6/2017 കുടുംബശ്രീ /എസ് . എച്ച്.ജി. സെയിൽസ് ഔട്ട്ലറ്റിന് ബ്ളോക്ക് വിഹിതം | 8,00,000 | 17/2016-17 4/1/2017 | മധൂർ |

. വിനിയോഗസാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

## 3-12 പത്ര പരസ്യത്തിന് അധികനിരക്ക് നൽകിയത്

ജി.ഒ(ആർ.ടി)288/2014/പി&എ.ആർ.ഡി 10-9-14 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി വകുപ്പ് മുഖേന നല്കിയാലും നേരിട്ട് നല്കിയാലും സർക്കാർ സ്ഥാപനങ്ങൾക്ക് 15 % ഡിസ്കൗണ്ട് അനുവദിക്കണം. എന്നാൽ താഴെ കൊടുത്തിരിക്കുന്ന പത്ര പരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ തുകയിൽ 15% കുറവ് ലഭിച്ചിട്ടില്ല.

| പത്രത്തിന്റെപേര് | പത്രസ്ഥാപനത്തിന്റെ ബിൽ നം/തിയ്യതി | നിരക്ക് | നീളംx വീതി | നല്കിയ തുക | വൗച്ചർ നം./ ചെക്ക് നം./തീ. | നൽകേണ്ട തുക | അധികം നല്കിയതുക |
|---|---|---|---|---|---|---|---|
| മാതൃഭൂമി | 60820895/30-3-2016 | 220 | 8x6 | 10560 | 136990/ 11-5-2016 | 8976 | 1584 |
| മാതൃഭൂമി | 60864759/12-6-2016 | 235 | 8x9 | 16920 | 1940230/ 14-7-2016 | 14382 | 2538 |
| ചന്ദ്രിക | 231/22-5-2016 | 60 | 6x8 | 2880 | 1940231/ 14-7-2016 | 2448 | 432 |
| ചന്ദ്രിക | 1003/18-8-2015 | 80 | 7x8 | 4480 | 1940269/ 8-9-2016 | 3808 | 672 |
| " | 363/12-6-2016 | 60 | 8x8 | 3840 | “ | 3264 | 576 |
| “ | 444/29-6-2016 | 60 | 6x8 | 2880 | “ | 2448 | 432 |
| മാതൃഭൂമി | 60972689/22-12-2016 | 235 | 8X4 | 7520 | 0558750/ 27-1-2017 | 6392 | 1128 |
| “ | 60978536/2-1-2017 | 235 | 8X5 | 9400 | “ | 7990 | 1410 |
| ചന്ദ്രിക | 1190/21-11-2016 | 60 | 6X8 | 2880 | 0558772/ 6-3-2017 | 2448 | 432 |
| “ | 1228/27-11-2016 | 80 | 6X8 | 3840 | “ | 3264 | 576 |
| “ | 1355/22-12-2016 | 80 | 7X8 | 4480 | “ | 3808 | 672 |
| “ | 1426/1-1-2017 | 80 | 8X8 | 5120 | “ | 4352 | 768 |
| “ | 1541/22-1-2017 | 80 | 8X8 | 5120 | “ | 4352 | 768 |
| മാതൃഭൂമി | 60987282/21-1-2017 | 235 | 8X5 | 9400 | 0558771/ 6-3-2017 | 7990 | 1410 |
| മാതൃഭൂമി | 61003725/19-2-2017 | 235 | 8X4 | 7520 | 0558789/ 30-3-2017 | 6392 | 1128 |
| ചന്ദ്രിക | 1711/19-2-2017 | 110 | 5X8 | 4400 | 0558790/ 30-3-2017 | 3740 | 660 |
| | ആകെ | | | 101240 | | 86054 | 15186 |

പത്രപരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ മേൽ ഉത്തരവ് പ്രകാരമുള്ള 15% ഇളവ് കുറവ് ചെയ്യാതെ ബിൽ തുക മുഴുവൻ നല്കിയനാൽ 15186/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. അധികച്ചെലവ് ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല. ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പി.എ.യു.കാസർഗോഡ്(ജില്ലാ പഞ്ചായത്ത് വിഹിതം) | 2016-17 | 7,56,000 | പി.എം.എ.വൈ(ജി)അധിക ധനസഹായം(ജനറൽ)ബി.പി ഷെയർ, പ്രോജക്ട് നം-04 | 0 | 7,56,000 |
| | 2016-17 | 2,80,000 | പി.എം.എ.വൈ(ജി)അധിക ധനസഹായം(എസ്.സി.പി)ബി.പി ഷെയർ, പ്രോജക്ട് നം-06 | 0 | 2,80,000 |
| | 2016-17 | 2,27,500 | പി.എം.എ.വൈ(ജി)അധിക ധനസഹായം(ടി.എസ്.പി)ബി.പി ഷെയർ, പ്രോജക്ട് നം-06 | 0 | 2,27,500 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 2016-17 | 5,60,000 | പി.എം.എ.വൈ(ജി)അധിക ധനസഹായം(ജനറൽ)ബി.പി ഷെയർ, പ്രോജക്ട് നം-04 | 0 | 5,60,000 |
| | 2016-17 | 2,00,000 | പി.എം.എ.വൈ(ജി)അധിക ധനസഹായം(എസ്.സി.പി)ബി.പി ഷെയർ, പ്രോജക്ട് നം-06 | 0 | 2,00,000 |
| | 2016-17 | 2,57,000 | പി.എം.എ.വൈ(ജി)അധിക ധനസഹായം(ടി.എസ്.പി)ബി.പി ഷെയർ, പ്രോജക്ട് നം-06 | 0 | 2,57,000 |

വിവിധപദ്ധതികൾക്കായി മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് ചെലവഴിക്കുവാനവശേഷിക്കുന്ന തുക വിനിയോഗിക്കുവാൻ സാധിക്കാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | ആകെ വായ്പ തുക (31-3-17 വരെ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവന പദ്ധതി | സ.ഉ(എം.എസ്.നം.90/13 ത.സ്വ.ഭ.വ. തീയ്യതി.14-03-2013 | 96,00,000 | 54,00,000 | 0 | 53,69,940 | - | 30,060 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,35,52,668 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,80,08,725 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40,186/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 43,33,344/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 25,000 | പി.ബി.ബഷീർ,<br>പട്ടികജാതി വികസന ഓഫീസർ |
| 3-12 | - | 15,186 | 6,234/-രൂപ<br>ബാലകൃഷ്ണ.ബി, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| | | | 2,538/-രൂപ<br>ആനന്ദൻ.എൻ.ആർ, സെക്രട്ടറി – ഇൻ – ചാർജ്ജ്, ബ്ലോക്ക് പഞ്ചായത്ത് |
| | | | 6,414/-രൂപ<br>ശ്രീകുമാർ.കെ.കെ, സെക്രട്ടറി – ഇൻ – ചാർജ്ജ്, ബ്ലോക്ക് പഞ്ചായത്ത് |
| | ആകെ | 40,186 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 10,00,000 | പി.ബി.ബഷീർ, പട്ടികജാതി വികസന ഓഫീസർ |
| 3-3 | 3,73,000 | പി.ബി.ബഷീർ, പട്ടികജാതി വികസന ഓഫീസർ |
| 3-4 | 4,98,200 | ശാന്തകുമാരി.സി.എ,സൂപ്രണ്ട് വൃദ്ധമന്ദിരം |
| 3-5 | 4,98,000 | ശാന്തകുമാരി.സി.എ,സൂപ്രണ്ട് വൃദ്ധമന്ദിരം |
| 3-6 | 97,808 | ശാന്തകുമാരി.സി.എ,സൂപ്രണ്ട് വൃദ്ധമന്ദിരം |
| 3-7 | 3,10,286 | കൃഷ്ണ സ്വാമി.എം.വി, അസിസ്റ്റന്റ് ഡയറക്ടർ കൃഷി |
| 3-8 | 9,06,050 | ടിൻസി രാമകൃഷ്ണൻ, സി.ഡി.പി.ഒ |
| 3-9(1) | 1,50,000 | ടിൻസി രാമകൃഷ്ണൻ,സി.ഡി.പി.ഒ |
| 3-9(2) | 5,00,000 | ടിൻസി രാമകൃഷ്ണൻ,സി.ഡി.പി.ഒ |
| | 43,33,,344 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| ഇല്ല | - | - |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ ഖണ്ഡിക

ഖണ്ഡിക-ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 3-1 | പി.ബി.ബഷീർ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, ബ്ലോക്ക് പഞ്ചായത്ത്,കാസർഗോഡ് | മുബഷീറ മഹൽ, വികാസ് നഗർ പുത്തിഗെ.പി.ഒ, കാസർഗോഡ് |
| 3-12 | ശ്രീകുമാർ.കെ.കെ, സെക്രട്ടറി,ഇൻ.ചാർജ്ജ്, ബ്ലോക്ക്പഞ്ചായത്ത് | ജോയിന്റ് ബി.ഡി.ഒ, കാസറഗോഡ്(EGS) | യമുനഭവൻ,കിഴക്കേക്കര മൂവാറ്റുപുഴ, എറണാകുളം ജില്ല pin- 686661 |
| 3-12 | ആനന്ദൻ.എൻ.ആർ, സെക്രട്ടറി,ഇൻ.ചാർജ്ജ്, ബ്ലോക്ക്പഞ്ചായത്ത് | ജോയിന്റ് ബി.ഡി.ഒ, കാസറഗോഡ്(RH) | നരിച്ചിലക്കോട് വീട്, കടയിരിപ്പ് (പി.ഒ), കോലഞ്ചേരി വഴി, എറണാകുളം ജില്ല - pin-682311 |
| 3-12 | ബാലകൃഷ്ണ.ബി, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | ബി.ഡി.ഒ, കാറഡുക്ക ബ്ലോക്ക് | ദീപം, ബള്ളൂർ, കല്ലങ്കൈ, മൊഗ്രാൽപുത്തൂർ(പി.ഒ),കാസറഗോഡ് pin-671124 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 6/242/12 തീയ്യതി 16-4-12 | 8 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 3/250/11 തീയ്യതി 5-7-2011 | 14 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 3/251/2011 തീ. 5-7-2011 | 8 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 3/252/2011 തീ. 5-7-2011 | 7 |
| 01-02 | എൽ.എഫ്.കെ.എസ്.ഡി 3/253/2011 തീ. 5-7-2011 | 7 |
| 02-03 | എൽ.എഫ്.കെ.എസ്.ഡി.3/254/2011തീ. 5-7-2011 | 11 |
| 03-04 | എൽ.എഫ്.കെ.എസ്.ഡി 3/255/2011 തീ. 5-7-2011 | 2 |
| 04-05 | എൽ.എഫ്.കെ.എസ്.ഡി.6/245/2012 തീ. 16-04-2012 | 3 |
| 05-06 | എൽ.എഫ്.കെ.എസ്.ഡി 6/246/2012 തീ. 28-05-2012 | 3 |
| 06-07 | എൽ.എഫ്.കെ.എസ്.ഡി 4/938/2011 തീ. 07-08-2012 | 7 |
| 07-08 | എൽ.എഫ്.കെ.എസ്.ഡി 6/239/2012 തീ. 11-09-2012 | 8 |

| | | |
|---|---|---|
| 08-09 to 2010-11 | എൽ.എഫ്.കെ.എസ്.ഡി 8/238/2013 തീ. 26-03-2013 | 21 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി 8/775/2013 തീ. 22-02-2014 | 10 |
| 2012-13,2013-14 | എൽ.എഫ്.കെ.എസ്.ഡി 6/1320/2014തീ. 01-01-2015 | 5 |
| 2014-15 | കെ.എസ്.എ. കെ.എസ്.ഡി6/937/2016തീ.18-10-2016 | 7 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി6/199/2017തീ. 22-03-2017 | 7 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

സീയാർ/-

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി 6/ 1138 /2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.

ഇ-മെയിൽ : doksd.ksad@kerala.gov.in

ഫോൺ : 0499-4256690

തീയതി : 01-11-2017.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 1-3 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്.

# AUDIT CERTIFICATE

No. KSA -KSD 6/1138/2017.

Kerala State Audit Department

District Audit Office,Kasaragod-671123.
e-Mail : doksd.ksad@kerala.gov.in

Phone: 0499-4256690.
Dated: 01-11-2017.

Certified that I have audited the Annual Financial Statement of Kasaragod Block Panchayat in Kasaragod District for the year ended on 31-03-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kasaragod Block Panchayat for the year 2016-17 except the observations in Para 1-3 of my Audit Report , properly presents the picture of income and expenditure.

Senior Deputy Director,

Kerala State Audit Department,

District Audit Office, Kasaragod.